

# അറസ്റ്റ് ചെയ്യപ്പെടുമ്പോഴുള്ള അവകാശങ്ങൾ

Human Rights Commission of the Maldives
National Preventive Mechanism

# ഏതെല്ലാം സാഹചര്യങ്ങളിൽ ഒരു വ്യക്തിയെ അറസ്റ്റ്

## ഭരണഘടന ആർട്ടികിൾ 46:

- കുറ്റകൃത്യം ചെയ്യുന്നത് അറസ്റ്റ് ചെയ്യുന്ന ഓഫീസർ കാണുകയാണെങ്കിൽ



- അറസ്റ്റ് ചെയുന്ന ഓഫീസർ ഒരു വ്യക്തി കുറ്റകൃത്യം ചെയ്തു എന്ന് ന്യായവും, സാധ്യതയുള്ള കാരണങ്ങളോ തെളിവുകളോ കൊണ്ട് വിശ്വസിക്കുമ്പോൾ.
- വ്യക്തി കുറ്റകൃത്യം ചെയ്യാൻ ഒരുങ്ങുകയാനെങ്ങിൽ
- കോടതി പുറപ്പെടുവിച്ച അറസ്റ്റ് വാറണ്ടിന്റെ ബലത്തിൽ

## അന്യായമായ അറസ്റ്റും തടവിൽവെക്കുന്നതും എന്നത് എന്താണ്?

### ഭരണഘടന ആർട്ടികിൾ 45



- ഏതൊരു വ്യക്തിക്കും നിയമപരമായി അല്ലാതെ അറസ്റ്റ് ചെയ്യപ്പെടാതിരിക്കുവാനും ജയിലിൽ അടക്കപ്പെടാതിരിക്കുവാനും തടവിൽ വെക്കപ്പെടാതിരിക്കുവാനും അവകാശമുണ്ട്.

## ഉടമ്പടി പ്രകാരമുള്ള കരാർ ലംഘനത്തിന് ഒരു വ്യക്തിയെ ജയിലിൽ അടക്കാമോ?

### ഭരണഘടന ആർട്ടികിൾ 55

- ഉടമ്പടി പ്രകാരമുള്ള കരാർ ലംഘനത്തിന് ആരെയും അറസ്റ്റ്ചെയ്ത് ജയിലിൽ അടക്കാൻ പാടില്ല.

## മനുഷ്യത്വമില്ലാതെ ആരോടെങ്കിലും പെരുമാറാമോ?

### ഭരണഘടന ആർട്ടിക്കിൾ 54



- ആരെയും ക്രൂരമായും മനുഷ്യത്തരഹിതവും തരംതാഴ്ത്തുന്നതും ആയ ശിക്ഷക്കോ പീഡനത്തിനോ വിധേയനാക്കാൻ പാടില്ല.

## അറസ്റ്റ് ചെയ്യുന്ന വ്യക്തിക്ക് പരിശോധിക്കുവാനും വസ്തുവകകൾ കണ്ടുകെട്ടാനും അധികാരമുണ്ടോ?

### ഭരണഘടന ആർട്ടികിൾ 47:



- ഒരധികാരിക്കും നിങ്ങളെ പരിശോധിക്കാനും വസ്തുവകകൾ കണ്ടുകെട്ടാനും കാര്യകാരണമില്ലാതെ അവകാശമില്ല.

- നിങ്ങളുടെ ജീവനോ സ്വത്തുക്കള്ക്കോ ഉണ്ടാകാവുന്ന അപകടം തടയുവാനോ കോടതിയുടെ പ്രബലമായ ഉത്തരവ് പ്രകാരമോ അല്ലാതെ നിങ്ങളുടെ വാസസ്ഥലത്തേക്ക് നിങ്ങളുടെ അനുവാദമില്ലാതെ പ്രവേശിക്കാൻ അവകാശമില്ല.

## എന്നെ അറസ്റ്റ് ചെയ്യുകയോ തടവിൽ വെക്കുകയോ ആണെങ്കിൽ ഞാൻ എന്തെല്ലാം അവകാശങ്ങൾക്ക് അർഹനാണ്?

### ഭരണഘടന ആർട്ടികിൾ 48:



- അറസ്റ്റ് ചെയപ്പെടാനുള്ള കാരണം ഉടൻ തന്നെ അറിയാനുള്ള അവകാശം
- അറസ്റ്റ് ചെയ്ത് ചുരുങ്ങിയത് 24 മണികൂറിനകം രേഖാമൂലം അറസ്റ്റിന്റ്റെയൊ തടവിൽ വെച്ചതിന്റൊയൊ കാരണം അറിയിക്കേണ്ടതാണ്

- എനിക്കുവേണ്ടി ഒരു അഭിഭാഷകന്റെയ സഹായം തേടാൻ സാവകാശം നല്കേണണ്ടതാണ്

- മതിയായ ഒരു അഭിഭാഷകനെ കണ്ടെത്തേണ്ടതും അറസ്റ്റിനാധാരമായ കേസ്സിന്റെയ പൂര്ണ്ണ് വിവരങ്ങൾ അഭിഭാഷകനെ അറിയിക്കാനുള്ള സാവകാശവും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്ക്നൽകേണ്ടതാണ്

- അവനവന്റെള വ്യക്തിത്വം സ്ഥാപിക്കുവാനല്ലാതെ മൌനം പാലിക്കുവാനുള്ള അവകാശം. ഈ അവകാശം അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിയെ അറിയിക്കേണ്ടതുമാണ്

# പോലീസ് നടപടിക്രമങ്ങൾ - അവരുടെ വിശേഷാധികാരങ്ങളും ഉത്തരവാദിത്തങ്ങളും:ആർട്ടികിൾ 18

## അറസ്റ്റ് നടക്കുന്ന സമയത്ത് നൽകേണ്ട വിവരങ്ങൾ

- പോലീസ് സ്റ്റേഷന്റെത പേരുവിവരങ്ങൾ അറസ്റ്റ് ചെയ്യുന്ന വ്യക്തിയെ അറസ്റ്റ് ചെയ്യുന്ന സമയത്ത് തന്നെ അറിയിക്കേണ്ടതാണ്

## എന്നെ അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ വെളിപ്പെടുത്താൻ ആവശ്യപ്പെടാമോ?

## പോലീസ് നടപടിക്രമങ്ങൾ അവരുടെ വിശേഷധികാരങ്ങളും ഉത്തരവാദിത്തങ്ങളും ആർട്ടികിൾ 18



- അറസ്റ്റ് ചെയ്യുന്ന പോലീസ് ഓഫീസറുടെ പേര്,റാങ്ക്, സര്വ്വീടസ് നമ്പർ എന്നിവ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ അറിയിക്കേണ്ടതാണ്.

- അറസ്റ്റിന്റെ കാരണം അറസ്റ്റ് ചെയുമ്പോൾ അറിയിക്കേണ്ടതാണ്.

## ഞാൻ പോലീസ് കസ്റ്റഡിയിൽ അകപ്പെടുമ്പോൾ എന്തെല്ലാം വിവരങ്ങളാണ് എന്നിൽ നിന്നും ശേഖരിക്കുന്നത്?

**പോലീസ് പൊതുവിവരങ്ങൾ,അദ്ധ്യായം 4, ആർട്ടിക്ൾ 28**



- വ്യക്തിയുടെ ബയോഡാറ്റ
- ഫിംഗർ പ്രിന്റ്അ
- ഫോട്ടോ
- ഉയരവും തൂക്കവും
- പോലിസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ വെക്കുന്നതിനു മുമ്പ് ശരീരത്തിൽ ബാഹ്യമായ എന്തെങ്കിലും പരിക്കുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെക വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ് .

# തടവിലാക്കപ്പെട്ട ഒരു വ്യക്തിയോട് എങ്ങനെ ബന്ധപ്പെടാം/പെരുമാറാം?

## ഭരണഘടന ആർട്ടികിൾ 57



- അറസ്റ്റ് കാരണവും തുടർന്നുള്ള തടങ്കൽ ജീവിതം കൊണ്ടും നിയമപരമായി ആർക്കെങ്കിലും കോടതിയുടെ ഉത്തരവ് പ്രകാരം സ്വൈര്യജീവിതം നയിക്കാൻ സാധ്യമല്ലാതെ വരുകയും ഭരണകൂടത്തിന് പ്രസ്തുത വ്യക്തിയെ സാമൂഹ്യ സുരക്ഷിത കാരണങ്ങളാൽ തടങ്കലിൽ കാത്തുസൂക്ഷിക്കേണ്ട സാഹചര്യമുണ്ടായാൽ, എല്ലാവിധ മാനുഷിക പരിഗണനകളോടും തികഞ്ഞ ആദരവോടും കൂടി മാത്രമേ പ്രസ്തുത വ്യക്തിയോട് പെരുമാറുവാൻ പാടുള്ളൂ.

- ഒരു സാഹചര്യത്തിൽ ഒരാളെ അറസ്റ്റ് ചെയ്യുകയാണെങ്കിൽ ആ പ്രത്യേക സാഹചര്യത്തിന്റെ പരിധിക്കകത്ത് മാത്രമേ ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള അവകാശങ്ങളും സ്വേച്ഛാപ്രവര്ത്ത്നങ്ങളും പ്രസ്തുത വ്യക്തിക്ക് നിരോധിക്കാൻ പാടുള്ളൂ.



# ഞാൻ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടാൽ എന്തെല്ലാമാണ് എനിക്കുള്ള അവകാശങ്ങൾ?

## ഭരണഘടന ആർട്ടിക്കിൾ 51



- പ്രതിക്ക് മനസ്സിലാകുന്ന ഭാഷയിൽ അയാൾ ചെയ്തകുറ്റം എന്താണെന്നു വ്യക്തമായ ഒരു വിവരം ഉടൻ തന്നെ നല്കേണണ്ടതാണ്.

- ന്യായമായ സമയപരിധിക്കുള്ളിൽ വിചാരണ ചെയ്യപ്പെടണം.

- കുറ്റം സമ്മതിപ്പിക്കാൻ സമ്മർദ്ദംയ പാടില്ല.

- പ്രതിക്ക് മനസ്സിലാകാത്ത ഭാഷയിലാണ് കോടതി നടപടികൾ നടക്കുന്നതെങ്കിലോ പ്രതി ഊമയോ ബധിരനോ ആണെങ്കിലോ മതിയായ ഒരു ദ്വിഭാഷിയെ സർക്കാരർ തന്നെ നിശ്ചയിച്ചു കൊടുക്കേണ്ടതാണ്.

- പ്രതിക്ക് തന്റെത ഇഷ്ടത്തിനുള്ള അഭിഭാഷകനെ തിരഞ്ഞെടുക്കുവാനും തടസ്സവാദങ്ങൾ തയ്യാറാക്കുവാനും സ്വതന്ത്രമായി ആശയവിനിമയം നടത്തി വിചാരണ സമയത്ത് അവതരിപ്പിക്കാനും മതിയായ സമയം അനുവദിച്ചിരിക്കണം.

- താൻ ഇഷ്ടത്തിനുള്ള അഭിഭാഷകനെ ഏർപ്പെ ടുത്തുവാനും തടസ്സവാദങ്ങൾ ഉന്നയിക്കാനും ഉള്ള അവകാശം.
- സാക്ഷികളെ വിചാരണക്കെത്തിക്കാനും തനിക്കെതിരെയുള്ള സാക്ഷികളെ എതിർ വിസ്താരം ചെയ്യുവാനും ഉള്ള അവകാശം.
- സംശയാതീതമായി കുറ്റം ചെയ്തുവെന്ന് തീരുമാനിക്കുന്നതു വരെ താൻ നിരപരാധിയാണെന്ന നിലപാട് അംഗീകരിക്കപ്പെടണം.

## ഞാൻ അറസ്റ്റ് ചെയ്യപ്പെടുകയോ തടങ്കിലാക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ എനിക്ക് ഒരു അഭിഭാഷകന്റെ സഹായം ലഭിക്കാൻ അർഹതയുണ്ടോ?

### ഭരണഘടന ആർട്ടികിൾ 53:



- നിയമസഹായം ആവശ്യമായ സാഹചര്യങ്ങളിലെല്ലാം ഒരു അഭിഭാഷകനെ വെക്കുവാനും കാര്യങ്ങൾ ധരിപ്പിക്കുവാനും എല്ലാവര്‍ക്കും അവകാശമുണ്ട്.

- ഗൌരവമായ ക്രിമിനൽ കേസുകളിൽ കുറ്റവാളിക്ക് അഭിഭാഷകനെ സ്വയം ഏര്‍പ്പെരടുത്താനാകാത്ത പക്ഷം സര്‍ക്കാ്ര്‍ എജി ഓഫീസ്സിൽ നിന്ന് അഭിഭാഷകനെ ഏര്‍പ്പെ ടുത്തി കൊടുക്കേണ്ടതാണ്.

**പോലീസ്**
**പൊതുവിവരങ്ങൾ,അദ്ധ്യായം6,**
**ആർട്ടികിൾ 54**

- അന്വേഷനത്തിന്റെണ ഭാഗമായി പ്രതിയെ വിശദമായി ചോദ്യം ചെയ്യുന്നതിന്റെറയും തെളിവെടുക്കുന്നതിന്റെചയും സമയവും സ്ഥലവിവരങ്ങളും 18 മണിക്കൂർ മുന്പാ്യി പ്രതിയുടെ അഭിഭാഷകനെ അറിയിക്കേണ്ടതാണ്.

- എന്നാൽ കുറ്റകൃത്യത്തിന്റെക ഗൌരവമനുസരിച്ച് ചോദ്യം ചെയ്യുന്നതിന്റെ യും തെളിവെടുക്കുന്നതിന്റെമയും സ്ഥല സമയ വിവരങ്ങൾ 10 മണിക്കൂർ മുന്പാസയി അഭിഭാഷകനെ അറിയിക്കേണ്ടതാണ്.`

## ഒരു പ്രവൃത്തിയോ ഉപേക്ഷയോ അത് ചെയുന്ന സമയത്ത് നിയമപ്രകാരം കുറ്റമല്ലെങ്കിൽ, അത് ചെയുന്ന വ്യക്തി കുറ്റവാളിയാകുമോ?

### ഭരണഘടന ആർട്ടികിൾ 59

- ഇസ്ലാമിക ശരിയത്ത് നിയമമനുസരിച്ചും മറ്റു നിയമങ്ങളനുസരിച്ചും ഒരു പ്രവൃത്തിയോ ഉപേക്ഷയോ, അത് ചെയുന്ന സമയത്ത് നിയമപ്രകാരം കുറ്റമല്ലെങ്കിൽ, ആരെയും കുറ്റവാളിയായി കാണാനാവുന്നതല്ല.

- കുറ്റം ചെയ്യുന്ന സമയത്ത് നിലവിലുള്ള ശിക്ഷയെക്കാൾ കഠിനമായ ശിക്ഷ ചുമത്താൻ പാടുള്ളതല്ല.

- കുറ്റം ചെയ്യുന്ന സമയവും വിധിയുടെ സമയത്തിന്റെയും ഇടക്ക് കുറ്റകൃത്യത്തിന്റെ ശിക്ഷ കുറയ്ക്കുകയാണെങ്കിൽ ആ കുറഞ്ഞ ശിക്ഷക്കാണ് പ്രതിക്ക് അർഹത.

*For more Inbformation:*

*Human Rights Commission of the Maldives*

*Ma.Uthuru Vehi, 5th Floor, Keneree Magu, Male'*

*Tel: 3336539, 3329245, 3344977, 3304013*

*Fax: 3338658*

Toll free Number: 1424

*Email: info@hrcm.org.mv*

Website: www.hrcm.org.mv